"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ സർക്കാർ/പ്രിൻസിപ്പൽ ഡയറക്ടർ/ജില്ലാ മേധാവി നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ ഓൺലൈൻ പൊതുസ്ഥലംമാറ്റം - HDV ഡ്രൈവർ തസ്തികയിലെ ജീവനക്കാരെ 2025 ഓൺലൈൻ പൊതുസ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1272/2025/LSGD തീയതി,തിരുവനന്തപുരം, 23-05-2025**

പരാമർശം:-

1. സ.ഉ(പി) നം. 3/2017/ഉഭപവ തീയ്യതി 25.02.2017
2. സ.ഉ.(കൈ) നം.79/2023/LSGD തീയതി, 22/03/2023.
3. സ.ഉ.(കൈ) നം.46/2024/LSGD തീയതി, 16/03/2024.
4. സ.ഉ.(കൈ) നം.48/2025/LSGD തീയതി, 11/03/2025.
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 21/04/2025-ലെ LSGD/PD/335/2025-DED1 നമ്പർ കത്ത്.
6. സ.ഉ.(സാധാ)നം 1081/2025/LSGD തീയതി, 29/04/2025.

**ഉത്തരവ്**

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ സർക്കാർ/പ്രിൻസിപ്പൽ ഡയറക്ടർ/ജില്ലാ മേധാവി നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം ഓൺലൈനായി നടത്തുന്നതിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കാലികമാക്കിക്കൊണ്ട് പരാമർശം (3), (4), (6) പ്രകാരം ഉത്തരവായിരുന്നു. വകുപ്പിലെ HDV ഡ്രൈവർ തസ്തികയിലെ ജീവനക്കാരെ കൂടി 2025 ലെ ഓൺലൈൻ പൊതു സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ HDV ഡ്രൈവർ തസ്തികയിലെ ജീവനക്കാരെ കൂടി 2025 ഓൺലൈൻ പൊതുസ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നു. എന്നാൽ, ഡ്രൈവർ (HDV) തസ്തിക ഉൾപ്പെടെ പരാമർശം (6) ഉത്തരവിലെ ഖണ്ഡിക 6 പ്രകാരം നിർബന്ധിത സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കപ്പെട്ട തസ്തികകളിലെ ജീവനക്കാർക്ക് അവർ അപേക്ഷിക്കുന്ന മുറക്ക് ഒഴിവ് കണക്കാക്കി മാത്രം സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതിനൊപ്പം പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 2(iii) പ്രകാരം മറ്റൊരു സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയ അപേക്ഷകൻ സ്ഥലംമാറ്റം ആവശ്യപ്പെടുന്ന സംഗതിയിൽ ആവശ്യപ്പെട്ട സ്റ്റേഷനിൽ ഒഴിവില്ലാത്ത പക്ഷം ടി സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയ ജീവനക്കാരനെ സ്ഥലം മാറ്റി കൊണ്ട് അപേക്ഷകന് സ്ഥലംമാറ്റം നൽകുന്നതിന് നിയമാനുസൃതം പരിഗണിക്കുന്നതാണ്.

പരാമർശം (4) ഉത്തരവിലെ ഡ്രൈവർ തസ്തിക എന്നതിൽ ഡ്രൈവർ (HDV)

തസ്തികയും ഡ്രൈവർ (LDV) തസ്തികയും പ്രത്യേകമായി കണക്കിലെടുക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ദീപ റ്റി വി**

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(LSGD-ERA1/68/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 24-05-2025 10:53:29

സെക്ഷൻ ഓഫീസർ